# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടിഎം.പി4-958/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 11/07/2025
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടിഎം.പി4-958/2025 തീയ്യതി: 11/07/2025

# കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 11-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 04-06-2025 | 12-06-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-06-2025 | 12-06-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഇന്ദുലേഖ എ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.സുമേഷ് പി.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി അമ്പിളി യു,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ബിനീത് രാജൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ബീനാകുമാരി റ്റി.വി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബെൽജി ഇമ്മാനുവൽ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.ശ്രീകുമാർ എസ് കൈമൾ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രാജശ്രീ വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ഡോ.സലോ തോമസ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2024 | 31-03-2025 |
| ഡോ.രമ്യ രാമൻ നായർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ.സുജ സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2024 | 03-02-2025 |
| ഡോ.തുഷാര മാത്തുക്കുട്ടി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 04-02-2025 | 31-03-2025 |
| ഡോ.ജോജി മാത്യു | സീനിയർ വെറ്ററിനറി സർജൻ | 01-04-2024 | 11-06-2024 |
| ഡോ.സന്തോഷ് കെ.സി. | വെറ്ററിനറി സർജൻ | 12-06-2024 | 31-03-2025 |
| ശ്രീ.ഡെന്നീസ് ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.രാജീവ് കുമാർ ആർ | ഹെഡ് മാസ്റ്റർ | 01-04-2024 | 31-03-2025 |
| ശ്രീമതി ബിന്ദു ജി.നായർ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 30-07-2024 |
| ശ്രീമതി ഷാലിനി റ്റി.കെ. | ഐ സി ഡി എസ് സൂപ്പർവൈസർ | 31-07-2024 | 31-03-2025 |
| ശ്രീമതി ദിവ്യ ദാസൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മരങ്ങാട്ടുപിള്ളി | 01-04-2024 | 12-09-2024 |
| ശ്രീ.അനീഷ് ലത്തീഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മരങ്ങാട്ടുപിള്ളി | 13-09-2024 | 31-03-2025 |
| ശ്രീ.ലിബീഷ് മാത്യു | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ.രാജേഷ് കുമാർ എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-10-2024 |
| ശ്രീമതി അനുമോൾ രാജു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-11-2024 | 19-12-2024 |

| | | | |
|---|---|---|---|
| ശ്രീ.ശ്രീകുമാർ എസ് കൈമൾ | അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ-ചാർജ്ജ്) | 20-12-2024 | 31-03-2025 |
| ശ്രീ.സുനിൽ എ.പി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുറിച്ചിത്താനം | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25 | 1-1 |
| 2 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല | 1-1-3 |
| 5 | വികസനഫണ്ട്(ജനറൽ),സംരക്ഷണ ഗ്രാന്റ് റോഡിതരം എന്നീ ഫണ്ടുകളുടെ ചെലവ് തുകകളിൽ വ്യത്യാസം | 1-1-4 |
| 6 | ലോൺ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ബജറ്റ്-വിശകലനം | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം | 1-4 |
| 10 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 11 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 1-6 |
| 12 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | വസ്തുനികുതിനിർണ്ണയം - തറനിർമ്മിതിയുടെ തരം പരിഗണിച്ചില്ല. | 1-11 |
| 17 | തൊഴിൽ നികുതി - നികുതി പിരിവ് പൂർണ്ണമല്ല. | 1-12 |
| 18 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - നടപടികൾ പൂർണ്ണമല്ല. | 1-13 |
| 19 | വാടക പിരിച്ചെടുക്കലും ആസ്തികളുടെ പരിപാലനവും കാര്യക്ഷമമാക്കേണ്ടതാണ്. | 1-14 |
| 20 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ/കോൺട്രിബ്യൂഷനുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു- | 1-15 |
| 21 | തെരുവു വിളക്കുകളുടെ പരിപാലനം - തുടർപ്രവർത്തനങ്ങൾ ലഭ്യമായില്ല. | 1-16 |
| 22 | സാമൂഹ്യ സുരക്ഷാ പെൻഷൻ -മരണപ്പെട്ട പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക ട്രാൻസ്ഫർ ചെയ്തു | 1-17 |
| 23 | സുഫലം മരങ്ങാട്ടുപള്ളി കാർഷിക ഉത്പാദനം, മൂല്യവർദ്ധിത ഉല്പന്നനിർമ്മാണം, വിപണനശ്രംഖല രൂപീകരിക്കൽ - പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചിട്ടില്ല. | 1-18 |
| 24 | വീട് വാസയോഗ്യമാക്കൽ - പൂർത്തിയാക്കാത്തവർ. | 1-19 |
| 25 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്ന് പൂർണ്ണമായി ലഭ്യമായില്ല. | 1-20 |
| 26 | ലൈഫ് ഭവനപദ്ധതി - അവലോകനം | 1-21 |
| 27 | ഒരേ കെട്ടിടത്തിലെ നിർമ്മാണത്തിന് വ്യത്യസ്ത പ്രോജക്റ്റുകൾ - പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. | 1-22 |
| 28 | ചെത്തിമറ്റം അങ്കണവാടി കെട്ടിട നിർമ്മാണം-തുടർ നടപടികളിൽ കാലതാമസം | 1-23 |
| 29 | നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല. | 1-24 |
| 30 | ലൈൻമാറ്റിസ്ഥാപിക്കൽ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-25 |

| | | |
|---|---|---|
| 31 | ജലജീവൻ മിഷൻ പദ്ധതി - അവലോകനം | 1-26 |
| 32 | ആരോഗ്യമേഖല ഗ്രാന്റ് വിനിയോഗം | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25

**മരങ്ങാട്ടുപള്ളി** ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റ പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമി 26/04/2025തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 02/05/2025തീയ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്ര കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചു ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്വം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നട വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് ത തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ട മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങ അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങ അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേ *മരങ്ങാട്ടുപള്ളി* ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വ ധനകാര്യപത്രികകൾ 31/03/2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാ ഇടപാടുകളുടെയും 31/03/2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായ ചിത്രം നൽകുന്നു.**

**തീയതി : 11.07.2025** **ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**

### 1-1-1 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല

31.03.2025 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ
അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട്
ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ (OE
സൂക്ഷിച്ചിട്ടില്ല. 31.03.2025 വരെയുള്ള ആകെ ജനറൽ ഫണ്ട് കണക്കാക്കിയതിന്റെ വി
തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

2024-25വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ
ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല.
ഗ്രാന്റുകളുടെ ചെലവ്, ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക
കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ക
കോൺട്രിബ്യൂഷൻ വിശദാംശങ്ങൾ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-1-3 ആസ്തി മൂല്യനിർണ്ണയം നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്ത
മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 31/03
ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്ത
ആധികാരികതയും കൃത്യതയും വ്യക്തമല്ല. പഞ്ചായത്തിന്റെ ആസ്തി വിവരങ്ങൾ ക്രോസ
ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-1-4 വികസനഫണ്ട്(ജനറൽ),സംരക്ഷണ ഗ്രാന്റ് റോഡിതരം എന്നീ ഫണ്ടുകള ചെലവ് തുകകളിൽ വ്യത്യാസം

വികസനഫണ്ട് (ജനറൽ), സംരക്ഷണ ഗ്രാന്റ് (റോഡിതരം) എന്നീ ഫണ്ടുകളുടെ സുലേഖ
പത്രിക, ഗ്രാന്റ് സ്റ്റേറ്റ് മെന്റ് എന്നിവ പ്രകാരമുള്ള യഥാർത്ഥ ചെലവുകൾ യഥാക്രമം1712800
എന്നിങ്ങനെയാണ്. ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുകകൾക്ക് ജേണൽ എൻട്രി ചെയ്തപ്പോശ
മാറിയതിനാൽ വാർഷികകണക്കുകളിലെ I-6 ഷെഡ്യൂളിൽ പ്രസ്തുത ഫണ്ടുകളിലെ ചെ
യഥാക്രമം 16,570,410, 4,970,403 എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-5 ലോൺ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല

ലോൺ ഇനത്തിൽ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുക ബി-5 ഷെഡ്യൂൾ പ്രകാരം
രൂപയും ബി-16 ഷെഡ്യൂൾ പ്രകാരം 2,101,804 രൂപയുമാണ്. ഷെഡ്യൂളുകൾ തമ്മിൽ 794000 ര
വ്യത്യാസം നിലനിൽക്കുന്നു. ലോണിന്റെ ബാങ്ക് അക്കൗണ്ടിൽ833,552 രൂപ അവശേഷിക്കുന

## 1-2 ബജറ്റ്-വിശകലനം

മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമി
07/02/2024ലെ 1(1)-ാം നം തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പഞ
ഭരണസമിതിയുടെ 13/03/2025ലെ 3(1) നം. തീരുമാന പ്രകാരവും അംഗീകരിച്ചു.

| ഇനം | ബജറ്റ് | |
|---|---|---|
| | ആദ്യത്തേത് | പുതുക്കിയത് |
| മുന്നിരിപ്പ് | 1,32,75,098 | 1,32,75,098 |
| വരവ് | 18,63,93,000 | 19,66,96,307 |
| ആകെ | 19,96,68,098 | 20,99,71,405 |
| ചെലവ് | 19,30,77,000 | 20,12,47,000 |
| നീക്കിയിരിപ്പ് | 65,91,098 | 87,24,405 |

ബജറ്റ് പ്രകാരം 20.99കോടി രൂപ വരവും 20.12 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചര
വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 12.22 കോടി രൂപയും
11.82കോടി രൂപയുമാണുള്ളത്. ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാ

നിശ്ചയിക്കുന്നത് മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചാ വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാ വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ നിശ്ചയിച്ചിട്ടില്ല. ഒറിജിനൽ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം 18.63 കോടി രൂപ വിവിധയിനങ്ങ മതിപ്പ് വരവ് കണക്കാക്കിയത് പുതുക്കിയ എസ്റ്റിമേറ്റിൽ 19.66 കോടി രൂപയായി വ ചെലവിലും വ്യത്യാസം ഉണ്ടായിട്ടുണ്ട്. നിയമാനുസൃത നടപടിക്രമങ്ങളും സമയപരിധിയും ബജറ്റ് വസ്തുനിഷ്ഠമായ രീതിയിൽ തയ്യാറാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ റസീറ്റ് & പേമെന്റ്, ഇ എക്സ്പെൻഡിച്ചർ പത്രികകളിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷ ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയുടെ വിശദാംശവും ചുവടെ ചേർക്കുന്നു.

**റസീറ്റ് & പേമെന്റ് പത്രിക 2024-25**

| | |
|---|---|
| മുന്നിരിപ്പ് (01/04/2024) | 22253085 |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 44404485 |
| ആകെ | 66657570 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 41922899 |
| നീക്കിയിരിപ്പ് (31/03/2025) | 24734671 |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2024-25**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 122272912 |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 118234990 |
| പ്രവർത്തന ലാഭം (Gross Surplus) | 4037922 |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 1578424 |
| അറ്റ പ്രവർത്തന നഷ്ടം (Net Deficit) | 2459498 |

2024-25**ഓഡിറ്റ് സംക്ഷിപ്തം**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2387253 |

## 1-4 ഗ്രാന്റ് വിനിയോഗം

മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-25വർഷത്തെ വികസന ഫണ്ട്, മെയിന്റനൻ ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. (

ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം എ.സി.ആർ. പ്രകാരമുള്ളതും പട്ടികയിൽ ഉൾപ്പെടുത്തുന്ന

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | -- | 17128000 | 17128000 | 17128000 | -- | 100 |
| വികസന ഫണ്ട്-SCP | -- | 2723000 | 2723000 | 2723000 | -- | 100 |
| വികസന ഫണ്ട്-TSP | - | -- | -- | -- | -- | -- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | -9234+ 9234(In) | 6059541 | **6059541** | **3563399** | 2496142 | 59 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 606647 | (59639+2886274) | 3552560 | 2672345 | 880215 | 75.2 |
| മെയിന്റനൻസ് ഗ്രാന്റ്-Road | -- | 20113000 | 20113000 | 15667740 | 4445260 | 78 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | -- | 8803000 | 8803000 | 6242190 | 2560810 | 71 |
| ഹെൽത്ത് ഗ്രാന്റ് (ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ) | 767807 | 331133 | 1098940 | 756250 | 342690 | 68 |
| ഹെൽത്ത് ഗ്രാന്റ് (വെൽനെസ് സെന്റേഴ്സ്) | 394756 | 553292 | 948048 | 353627 | 594421 | 38 |
| ഐ.സി.ഡി.എസ് | 334203 | 1422748 | 1756951 | 391131 | 1365820 | 23 |
| ലൈഫ്-സംസ്ഥാന വിഹിതം | 540000 | 1600000 | 2140000 | 1260000 | 880000 | |
| എം.എൻ ലക്ഷം വീട് | 77908 | 2507 | 80415 | ------ | 80415 | |
| ജലനിധി | 5326864 | 112672 | 5439536 | - | 5439536 | -- |
| എസ്.എസ്.എ | 80941 | 2203 | 83144 | - | 83144 | -- |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്യത വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 429 429720/-രൂപ, KURDFC വായ്പ തിരിച്ചടവ്, 832200/-അങ്കണവാടി ഹോണറേറിയം ഇന ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ ഇത്തരത്തിൽ സ്രോ കുറവ് ചെയ്ത തുകകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് , സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

2. വികസനഫണ്ട് (ജനറൽ), സംരക്ഷണ ഗ്രാന്റ് (റോഡിതരം) എന്നീ ഫണ്ടുകളുടെ സുലേഖ പത്രിക, ഗ്രാന്റ് സ്റ്റേറ്റ് മെന്റ് എന്നിവ പ്രകാരമുള്ള യഥാർത്ഥ ചെലവുകൾ യഥാക്രമം 6242190 എന്നിങ്ങനെയാണ്. എന്നാൽ വാർഷികകണക്കുകളിലെ I-6 ഷെഡ്യൂളിൽ ഫണ്ടുകളിലെ ചെലവുകൾ യഥാക്രമം 16,570,410, 4,970,403എന്നിങ്ങ രേഖപ്പെടുത്തിയിട്ടുള്ളത്. Capital Contribution തുകയ്ക്ക് Journal Entry ചെയ്തപ്പോളുണ്ടായ പിഴ വാർഷികകണക്കുളിൽ ചെലവിനത്തിൽ തുക തെറ്റായാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.

5. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭി അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ തുക സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനു നൽകിയിരിക്കുന്നത്.

## 1-5 വാർഷിക പദ്ധതി അവലോകനം

മരങ്ങാട്ടുപള്ളിഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) വാർഷിക പദ്ധതിയ്ക്ക് (2024-25 )ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 84898/24/DPC/ തീയതി 04/03/2025പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി/ കമ്മറ്റി തീരുമാനം |
|---|---|
| ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ചു അംഗീകരിച്ചത് | 23/11/23 2(1) |
| ആസൂത്രണസമിതിയോഗം | 30/12/23 |
| പദ്ധതി രൂപീകരണഗ്രാമസഭകൾ | 02/01/24-09/01/24 22/12/2023 2(1) |
| വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി | 30/12/23 |
| ഭിന്നശേഷിഗ്രാമസഭ | 17/01/24 |
| വികസനസെമിനാർ | 22/01/24 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചത് | 06/09/24 3(1) |
| ഭരണസമിതി വാർഷികപദ്ധതി അംഗീകരിച്ചത് | 24/01/24(1) |

2023-24വർഷംവിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്കുകളുടെ വിശദാംശങ്ങ ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്കുകൾ | നടപ്പിലാക്കിയ പ്രോജക്കുകൾ | അടങ്കൽ | ചെലവ് | ശതമാന |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 4717300 | 4037300 | 86 |
| വെറ്ററിനറി സർജൻ | 4 | 4 | 749800 | 622408 | 84 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 14 | 12 | 4095583 | 3350365 | 83 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 4 | 4 | 921000 | 909711 | 99 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർആയുർവേദം | 3 | 3 | 700000 | 700000 | 100 |
| വി.ഇ.ഒ I | 16 | 13 | 2215089 | 1287214 | 58 |
| വി.ഇ.ഒ II | 6 | 6 | 34017320 | 12687320 | 37 |
| ഐ.സി.ഡി.എസ് -സൂപ്പർവൈസർ | 8 | 8 | 6814509 | 3510941 | 52 |
| സെക്രട്ടറി | 49 | 41 | 5678540 | 5344622 | 94 |
| ഹെഡ്മാസ്റ്റർ | 2 | 2 | 645771 | 641771 | 100 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 158 | 93 | 46719854 | 24750658 | 53 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 2 | 3790000 | 2040229 | 54 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 7 | 1041000 | 777823 | 75 |
| ആകെ | **285** | **205** | **112105766** | **60660362** | **55** |

വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത് 13 നിർവ്വഹണോദ്യോഗസ്ഥരാണ്. **11210576** വകയിരുത്തിയതിൽ **60660362**/-രൂപയാണ് ചെലവഴിക്കാനായത്. അസി.എഞ്ച നിർവ്വഹണത്തിന് ഏൽപ്പിച്ചിരുന്ന 158 പ്രോജക്ടുകളിൽ93 എണ്ണം പൂർത്തിയാക്കി ബിൽ മാറി അസി.എഞ്ചിനീയർ നടപ്പിലാക്കിയ പ്രോജക്ടുകൾക്കായി 2.48 കോടി രൂപ ചെല മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ടിൽ മൂന്ന് ഗഡു ഓഡിറ്റു വർഷം അനുവദിച്ചിരുന്നു. അ തുക യിൽ 78% ചെലവഴിക്കാൻ കഴിഞ്ഞു.

**<u>പദ്ധതി നിർവ്വഹണം- പഞ്ചായത്തിന്റെ പൊതുസമീപനം</u>**

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാം വർഷമായ 2024-25ൽ നടപ്പില പദ്ധതികളെക്കുറിച്ച് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ മുഖാന്തിരം ചർച്ചകൾ നടത്തുകയും നിന്നും ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങൾ ഗ്രാമസഭയുടെ പരിഗണനയ്ക്ക് വയ്ക ചെയ്തിരുന്നു.

കാർഷികമേഖലയിൽ വിവിധ വിളകളെ പ്രോൽസാഹിപ്പിയ്ക്കുന്നതിനും, കാർഷിക തൊഴിലിനും പ്രാധാന്യം നൽകുന്ന ശ്രമങ്ങളാണ് പദ്ധതി കാലയളവിൽ മൃഗസംരക്ഷണമേഖലയിൽ 5 പദ്ധതികൾ നടപ്പിലാക്കി. ക്ഷീരകർഷകർക്ക് സബ്സിഡിയായി 14.40 ലക്ഷം രുപഅനുവദിയ്ക്കുന്നതിനും സാധിച്ചിരുന്നു.സാന്ത്വനപരി മരുന്നുവാങ്ങൽ, FHCയുടെ അടിസ്ഥാന വികസനം, പാലിയേറ്റീവ് പരിചരണം എന്നിവയാ ആരോഗ്യമേഖലയിലെ പ്രോജക്ടുകൾ.

ചെറിയ ന്യൂനതകൾ ഒഴിച്ചാൽ ലൈഫ് ഭവന പദ്ധതി കാര്യക്ഷമമായി നിർഹി അസിസ്ററന്റ് സെക്രട്ടറി മുഖ്യമായി മാലിന്യനിർമ്മാർജ്ജനത്തിന് പ്രാധാന്യം ന പ്രോജക്ടുകളാണ് നിർവ്വഹിച്ചത്. . ജലജീവൻ മിഷൻ പദ്ധതി പ്രകാരം കുടിവെള്ള ക നൽകുന്നതിനാൽ കുടിവെള്ള പദ്ധതികൾ ഒന്നും തന്നെ തൻവർഷം ഏറ്റെടുത്തിട്ടില്ല.

വയോജന സൗഹൃദ പ്രവർത്തനങ്ങളും, സ്ത്രീകളുടെ ആരോഗ്യം മുൻ നിർത്ത പ്രവർത്തനങ്ങളും, അനുപൂരക പോഷകപദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. മാലിന്യ മേഖലയിൽ (അജൈവം) അഭിമാനാർഹമായ നേട്ടം കൈവരിയ്ക്കാൻ പഞ്ചാ കഴിഞ്ഞിട്ടുണ്ട്.

പൊതുമരാമത്ത് പ്രവൃത്തികളിൽ 73 സ്പിൽ ഓവർ പദ്ധതികളും 85 പുതിയ പദ്ധതികളും ഉ 158 പദ്ധതികളിൽ93 (So62,New 31) എണ്ണം മാത്രമെ ഓഡിറ്റു വർഷം നടപ്പാക്കിയിട്ടുള്ളൂ നവീകരണത്തിനും, അംഗൻവാടികളുടെയും, കൈമാറികിട്ടിയ മറ്റുകെട്ടിടങ്ങ അറ്റകുറ്റപ്പണികൾക്കുമാണ് പദ്ധതികളിൽ കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളത്. തു ജൈവമാലിന്യസംസ്കരണ പ്ളാന്റ് നിർമ്മാണം പൂർത്തീകരിച്ചെങ്കിലും പ്രവർത്തക്ഷമമാക്കാൻ കഴിഞ്ഞില്ല.

പ്രോജക്ടുളുടെ നിർവഹണഘട്ടങ്ങൾ, പൂർത്തീകരണം, എന്നിവയിലൊന്നും പല ഫലപ്രദമായ മോണിട്ടറിംഗ് ഉണ്ടാകാത്തത് വാർഷികപദ്ധതിയുടെ നടത്തിപ്പിലെ ഏറ്റവും അപാകതയാണ്. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്ന് കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫ സാധ്യമാവുകയുള്ളു.

സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന് ന ഗ്രാന്റിനത്തിൽ ലഭിച്ച തുകയിൽ താഴെപ്പറയും പ്രകാരം ആകെ **70.06 ലക്ഷം** രൂപ ( നിധിയിലേയ്ക്ക് തിരികെ എടുക്കുന്ന സാഹചര്യവുമുണ്ടായി.

| ഇനം | വരവ് | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്- Road | 20113000 | 15667740 | 4445260 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 8803000 | 6242190 | 2560810 |
| ആകെ | | | **7006070/-** |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊ പദ്ധതിയുടെ 2024-25 വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 14 വാർഡുകളിലും ലേബ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2024-25 വർഷം 21 പേർക്ക് പുതുതായി തൊഴിൽ നൽകിയിട്ടുണ്ട്. ലേബർബജറ്റ് പ്രകാരം ആകെ വിഭാവനം ചെയ്ത 137പദ്ധതികളിൽ 123 എ സാങ്കേതിക അനുമതി ലഭിക്കുകയും112പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ചെയ്തു തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 430 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല, കുളം നിർമ്മിക്കൽ, ര ആഴം കൂട്ടൽ മുതലായ പ്രോജക്ടുകൾ തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. കാഷ് പ്രകാരമുള്ള 2023-24 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കു

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4219 | 393044 | 397263 | 315240 | 82023 |
| തൊഴിലാളികൾക്ക് നേരിട്ടു നൽകിയത് | 0 | 12940853 | 12940853 | 12940853 | 0 |
| ആകെ | 4219 | 13333897 | 13338116 | 13256093 | 82023 |

31/03/2025 ബാലൻസ് ഷീറ്റ് പ്രകാരം 1380352/- രൂപ തൊഴിലുറപ്പിന് മുൻകൂർ നര ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി മുൻകൂർ ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2024-25 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 22,618,100.00 | 1515 |
| കർഷക തൊഴിലാളി | 2,764,800 | 173 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവാപെൻഷൻ | 7,305,300 | 478 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത വനിതകൾക്കുള്ള പെൻഷൻ | 599,600 | 41 |
| വികലാംഗപെൻഷൻ | 2,312,100 | 150 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബ പരിശോധന 04.06.2025 തീയതിയിൽ 3 പി എം-ന് സ്ഥാപന തലവന്റെ സാന്നിധ നടത്തുകയുണ്ടായി. പരിശോധനയിൽ 11535/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തിക ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്ത കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്ക ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ മാറിപ്പോവുന്ന സന്ദർഭങ്ങളിൽ സെക്ഷന് കൈമാറാനുള്ള ഫയലുകൾ രജിസ്റ്ററിൽ രേഖാമൂലം കൈമാറി നൽകുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യ ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ച തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധ സ്റ്റാന്റിംഗ് കമ്മറ്റി/പഞ്ചായത്ത് കമ്മറ്റി കൃത്യമായി നിരീക്ഷിച്ച് വരുന്നു. എന്നാൽ തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. കൂടാതെ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനി രേഖയില്ല. വാർഷിക കണക്ക് പരിശോധനയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ഫ രജിസറ്ററുകൾ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ആയതിനാൽ ഓഡിറ്റു വര വാർഷികകണക്കുകളുടെ തയ്യാറാക്കൽ കാര്യക്ഷമമായിരുന്നുവെന്ന് ഓഡിറ്റ് വിലയിരുത്ത

<u>വിഭവസമാഹരണം</u>

തനത് വരുമാനം താരതമ്യേന കുറഞ്ഞ പഞ്ചായത്താണ് മരങ്ങാട്ടുപള്ളി. എന്നാൽ പ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിൽ പഞ്ചായത്ത് ജാഗ്രത പുലർത്തിയതായി നിരീക്ഷിക്കുന്നു. വസ്തുനികുതിയിനത്തിൽ 35 ലക്ഷത്തോളം രൂപ കുടിശ്ശികയുണ്ടെങ്കിലും കോടതി വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് നിൽക്കുന്നതാണെന്ന് പഞ്ചായത്ത് അറിയി പെർമിറ്റ് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. അധികമായി ഈടാക്കിയ പെർമിറ്റ് തുക ന നിർദ്ദേശപ്രകാരം പെർമിറ്റ് ഉടമകളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ തിരികെ വരുന്നു. തിരികെ നൽകുന്ന തുകയുടെ വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല. ന ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം കെ-സ്മാർട്ട് സംവിധാനത്തിലേയ്ക്ക് മാറിയിട്ടു സാഹചര്യത്തിൽ സർക്കാർ നിർദ്ദേശം അനുസരിച്ച് വരവിനങ്ങളുമായി ബന്ധപ്പെട്ട സൂക്ഷ്മവും സുതാര്യവുമായി കൈകാര്യം ചെയ്യേണ്ടതും മേലധികാരികൾ ആവ ഉപരിപരിശോധനകൾ നടത്തി രേഖപ്പെടുത്തലുകളും വിവരങ്ങളും പെർമിറ്റ് രജിസ്റ്റർ ഉ പരിപാലിക്കുന്ന എല്ലാ രജിസ്റ്ററുകളും പൂർണ്ണവും കൃത്യമാണെന്ന് ഉറപ്പുവരുത്തേണ്ട ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.12.2021 | 04/21-06/21 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24/02/2015 -09/03/2015 | 2009-10 മുതൽ 2013-14 വരെ | LBA(HQ)-II/8A-2278/15 തീയതി 19/05/2015 |

## 1-11 വസ്തുനികുതിനിർണ്ണയം - തറനിർമ്മിതിയുടെ തരം പരിഗണിച്ചില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിലെ ച പട്ടിക-6 പ്രകാരം മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്ര മീറ്ററിലധികം വിസ്തീർ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൻമേൽ 15% വർദ്ധനവ് നൽകേണ്ടതാണ്. എന്ന 25 വർഷം നികുതി നിർണ്ണയം നടത്തിയ താഴെപ്പറയുന്ന കെട്ടിടത്തിന്റെ നിർണ്ണയിച്ചപ്പോൾ തറനിർമ്മിതിയുടെ തരം പരിഗണിച്ചതായി കാണുന്നില്ല.തറനിർമ്മി തരം സംബന്ധിച്ച് അപേക്ഷകൻ ലഭ്യമാക്കിയ ഫാറം 2 ലോ പഞ്ചായത്തിന്റെ അ റിപ്പോർട്ടിലോ രേഖപ്പെടുത്തലില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം./ ഉടമസ്ഥന്റെ പേര് | ഉപയോഗക്രമം/ അടിസ്ഥാന നികുതി നിരക്ക് | വിസ്തീർണ്ണം (ച.മീ.) | അടിസ്ഥാന നികുതി | നൽകേണ്ട വർദ്ധനവ് (15%) |
|---|---|---|---|---|
| 414/A To M | വാണിജ്യാവശ്യം 500 ച.മീറ്റർ മുകളിൽ /90 | 627.09 | 56438 | 8466 |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/0 ലഭ്യമാക്കിയ മറുപടിയിൽ തറനിർമ്മിതിയുടെ തരമനുസരിച്ചുള്ള വർദ്ധന വരുത്ത നിലിവൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ സംവിധനാമില്ലായെന്ന് അറിയിച്ചു. സോഫ്റ്റ ഡെവലപ്പറായ ഐ കെ എമ്മുമായി ബന്ധപ്പെട്ട് സാങ്കേതിക പ്രശ്നം പരിഹരിച്ച് മേൽ കെട്ട ചട്ടങ്ങൾ പ്രകാരം ഈടാക്കേണ്ട നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വസ്തുനികുതി നിർണ്ണയിക്കുമ്പോൾ ബന്ധപ്പെട്ട നിയമ വ്യവസ്ഥകൾ, ചട്ടങ്ങൾ, സർക്കാർ നിർദ്ദേശങ്ങൾ എന്നിവ പാലിക്കുന്ന ഉറപ്പുവരുത്തേണ്ടതാണ്.

## 1-12 തൊഴിൽ നികുതി - നികുതി പിരിവ് പൂർണ്ണമല്ല.

1. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒര വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി അക്രു ഡിമാന്റ് ചെയ്ത് ഈടാക്കേണ്ട നികുതിയിനമാണ്.. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്ത അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യൻമാർ, പാരാമെഡിക്കൽ വിദഗ്ദ്ധർ, മറ്റ് സ്വ ജോലി ചെയ്യുന്ന വ്യക്തികൾ തുടങ്ങിയവരെകൂടി തൊഴിൽ നികുതിയുടെ പരി ഉൾപ്പെടുത്തി തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടു കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/0 ലഭ്യമാക്കിയ മറുപടിയിൽ പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി തുടർവർഷ ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതാണെന്ന് അറിയിച്ചു. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്ത അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യൻമാർ, പാരാമെഡിക്കൽ വിദഗ്ദ്ധർ, മറ്റ് സ്വ

ജോലി ചെയ്യുന്ന വ്യക്തികൾ തുടങ്ങിയവരുടെ ഡേറ്റാബേസ് തയ്യാറാക്കി ആയ
അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം ഓ
അറിയിക്കേണ്ടതാണ്.

2. താഴെപ്പറയുന്ന സ്ഥാപനം 2024-25 വർഷം തൊഴിൽ നികുതി അടവാക്കിയതായി കാണുന്ന

| ക്രമനം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | ജലനിധി ഓഫീസ് | 1,2 |

തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻകയറിക്ക് (15/09.06.2025) ലഭ്യമാക്കിയ മറുപടിയിൽ ക്രമനം 1 പ്രകാരമുള്ള വ്യക്ത നിന്നും നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതാണെന്ന് അറിയിച്ചു. പഞ്ചായത്ത് പരിധി പ്രൊഫഷണൽസിന്റെ വിവരങ്ങൾ കണ്ടെത്തി ഡാറ്റ തയ്യാറാക്കി തൊഴിൽ നികുതി ചെയ്ത് ഈടാക്കേണ്ടതാണ്. ജലനിധി ഓഫീസിലെ ജീവനക്കാരുടെ തൊഴിൽ മാതൃസ്ഥാപനമായ കേരള റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസിയുടെ റീജ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്, തൊടുപുഴ ഓഫീസ് തൊടുപുഴ നഗരസഭയിൽ അ വരുന്നതായി അറിയിച്ചു. ജലനിധി ഓഫീസിലെ ജീവനക്കാർ 60 ദിവസത്തിൽ കു മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിൽ ചെയ്യുന്ന പക്ഷം തൊഴിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതാണ്. തുടർവർഷങ്ങളിൽ ഇക്കാര്യം ഗ്രാമപ ഉറപ്പുവരുത്തേണ്ടതാണ്.

## 1-13 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - നടപടികൾ പൂർണ്ണമല്ല.

എ) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, 1996ലെ കേരള പഞ്ചായ (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവന ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതേ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിൽ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തു നിർണ്ണയിച്ച കെട്ടിടങ്ങളിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് ലിസ്റ്റിൽ ഉൾ പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ, വാണിജ്യാവശ്യ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2024-25 ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണവും തമ്മിലുള്ള താരതമ്യം ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 562 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.ൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 70 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 1 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 16 |
| വാണിജ്യാവശ്യം - 100 ച.മീ വരെയുള്ളവ | 7 |
| വാണിജ്യാവശ്യം - 100 ച.മീ മുകളിൽ 500 ച.മീ. വരെയുള്ളവ | 23 |
| | |

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 500 ച.മീ.ൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 20 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 15 |
| ഓഫീസ് ആവശ്യം | 46 |
| വ്യവസായാവശ്യത്തിനുള്ള - കൈത്തറിഷെഡ്, കയർപിരിഷെഡ് | 89 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 40 |
| എം എസ് എം ഇ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകൾ | 1 |
| **ആകെ എണ്ണം** | **890** |

സഞ്ചയ പ്രകാരം പഞ്ചായത്ത് പരിധിയിൽ 890 കെട്ടിടങ്ങളെ വാണിജ്യ-വ്യ ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 251 സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ളൂ. ഇതിൽനിന്നും നിരവധി വാണിജ്യ-വ്യ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്നുണ്ടെന്ന് വ്യക പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സസ്യ നേഴ്സറികൾ, കള്ളുഷാപ്പുകൾ ത സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ലായെന്ന് പരിശോധനയിൽ വ്യക്തമായി. ലൈ നടപടികൾ ക്രമീകരിക്കാത്തത് മൂലവും ചട്ടലംഘനംമൂലവും ലൈസൻസ് ഫീസി പഞ്ചായത്തിന് വരുമാനനഷ്ടവും സംഭവിക്കുന്നു. കൂടാതെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ പ്രകാരം 209 സ്ഥാപനങ്ങളാണ് ലിസ്റ്റ് ചെയ്തിട്ടുള്ളത്. ആയതിൽ നിന്നും ട്രേഡേഴ്സ പൂർണ്ണമല്ലെന്നും വ്യക്തമാകുന്നു. ലൈസൻസ്, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി എന്നി ഡിമാന്റ്, ട്രേഡേഴ്സ് ലിസ്റ്റ് അടിസ്ഥാനമാക്കി കൃത്യമായി തയ്യാറാക്കേണ്ടതാണ്. അദാല നടത്തി ലൈസൻസ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്. ധനകാര്യ സ്റ്റാൻഡിംഗ് ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ബ) ശ്രീ ബിബി എൽസ് ജോർജ്, കരിക്കാട്ടുകണ്ണിയേൽ എന്ന വ്യക്തി ട്രാവൽ നടത്തുന്നതിന് ലൈസൻസ് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അപേക്ഷ Kerala Panchaya Of Licence To Factories, Trades, Entrepreneurship Activities And Other Services) Rules, 1996 ) ചട്ടങ്ങൾ ഷെഡ്യ ഉൾപ്പെട്ടിട്ടില്ലായെന്ന് കാണിച്ച് ഗ്രാമപഞ്ചായത്ത് നിരസിച്ചതായി ലൈസൻസ് രജിസ്റ്റർ കാണുന്നു. പഞ്ചായത്ത് പരിധിയിൽ മേൽ സൂചിത ഷെഡ്യൂളിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ സ്ഥാപനങ്ങളുടെ ഇനങ്ങൾ ഷെ ഉൾപ്പെടാത്തുന്നതോ ഷെഡ്യൂളിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽക പഞ്ചായത്തിന് അധികാരം നൽകുന്ന തരത്തിൽ ചട്ടം ഭേദഗതി വരുത്തുന്നത്, തദ്ദേശസ്ഥാപ വരുമാനവർദ്ധനവുണ്ടാക്കുന്നതും തങ്ങളുടെ അധികാര പരിധിയിൽ പ്രവർത്ത സ്ഥാപനങ്ങൾ സംബന്ധിച്ച് പ്രാദേശിക സർക്കാരുകൾക്ക് കൃത്യമായ വിവരശേ സാധ്യമാകുകയും ചെയ്യുന്നതാണ്. കേരള മുൻസിപ്പാലിറ്റി (ആപൽക്കരവും അസഹ്യ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ട ചട്ടം 12 പട്ടിക II 264 -)ം നമ്പർ ഇനമായി വ്യവസായമോ ഫാക്ടറിയോ വ്യാപാരമോ സ പ്രവർത്തനമോ മറ്റ് സേവനമോ ആയി സെക്രട്ടറിക്ക് തോന്നുന്നതും ഇതിൽ പറയാത്ത ഏതൊരു വസ്തുവിനും ലൈസൻസ് നൽകാവുന്നതാണെന്ന് നഗരസഭകൾക്ക് അധികാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ ഗ്രാമപഞ്ചായത്തുകൾക്കു കൂടി ബാധകമാക്കുന്ന ത ഭേദഗതി വരുത്തുന്നത് ഉചിതമാകുന്നമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. വിഷയം ഭരണസമിതി ചെയ്യേണ്ടതും തുടർനടപടികൾ ആവശ്യമായി തോന്നുന്ന പക്ഷം ഉചിതമാർഗ്ഗേണ തുടർനട സ്വീകരിക്കാവുന്നതുമാണ്.

## 1-14 വാടക പിരിച്ചെടുക്കലും ആസ്തികളുടെ പരിപാലനവും കാര്യക്ഷമമാക്കേണ്ടതാണ്.

1.ഗ്രാമപഞ്ചാത്തിന്റെ 2024-25 വാർഷികധനകാര്യപത്രിക പ്രകാരം വാടക ശീർഷകത്തിൽ രൂപ കുടിശ്ശികയുള്ളതായി കാണുന്നു. കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമം നം | കുടിശ്ശിക വരുത്തിയ വാടകക്കാരൻ /മുറി നമ്പർ/ കെട്ടിടത്തിന്റെ പേര് | വാടക നിരക്ക്/ കുടിശ്ശിക വരുത്തിയ മാസങ്ങൾ | ആകെ കുടിശ്ശിക |
|---|---|---|---|
| 1 | മനു ചാക്കോ/ ടേക്ക് എ ബ്രേക്ക് കെട്ടിടം | 13178, 05/24 – 03/25 | 144958/- |

കുടിശ്ശിക ഈടാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/09.06.2025) ലഭ്യ മറുപടിയിൽ കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതായി അ കുടിശ്ശിക പിഴപ്പലിശ സഹിതം അടിയന്തരമായി ഈടാക്കി വിവരം രേഖകൾ സഹിതം ഓ അറിയിക്കേണ്ടതാണ്.

2.ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 3 (8-138,141,174) മ അറ്റകുറ്റപ്പണികൾ ആവശ്യമായതിനാൽ നിലവിൽ വാടകയ്ക്ക് നൽകുന്നി പരിശോധനയിൽ വ്യക്തമായി. ആവശ്യമായ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി മുറികൾ വ നൽകുന്നതിന് യോഗ്യമാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറികൾ വാടകയ്ക്ക് നൽകുമ്പോൾ മ വാടകനിക്ഷേപം സ്വീകരിക്കുന്നില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | വാടകക്കാരൻ,മുറി | മാസവാടകനിരക്ക് | നിലവിലെ നിക്ഷേപം |
|---|---|---|---|
| 1 | സത്യൻ അച്ചുതൻ,5-466 | 1439/- | 120/- |
| 2 | രഞ്ജിത്ത് ജോസ്,5-55 | 1685/- | 141/- |
| 3 | പ്രസിഡന്റ് ,വി എഫ് ഫി സി കെ 8-165 | 687/- | 72/- |
| 4 | രാജൻ,പരുത്തിവിള,8-172 | 515/- | 42/- |
| 5 | തങ്കച്ചൻ,പുത്തേട്ട് 8-173 | 670/- | 39/- |

എല്ലാ വാടകക്കാരിൽ നിന്നും വാടകനിക്ഷേപം മാസവാടകനിരക്കിന് ആനുപാതി ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതും വാടകനിരക്കിൽ വാർഷിക വരുത്തേണ്ടതും മേൽ വർദ്ധനയ്ക്ക് ആനുപാതികമായി വാടകനിക്ഷേപം വർദ്ധിപ്പിക്കേണ്ട

## 1-15 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ/കോൺട്രിബ്യൂഷനുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു-

പഞ്ചായത്തിന് ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ മുൻവർഷങ്ങളിലുൾപ്പടെ ലഭ്യമായ ഗ്ര 85.7 ലക്ഷം രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. 31/03/2025 ലെ ബാലൻസ് ഷീറ്റ് B-4 ഷെ പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കണക്ക് ശീർഷകം | അവശേഷിക്കുന്ന തുക (31/03/2025) | റിമാർക്ക്സ്/ഫണ്ട് വിശദാംശം |
|---|---|---|---|
| 1. | 320100112 | 693,000.00 | പ്രധാനമന്ത്രി ഗ്രാമ സടക് യോജന (പി എം ജി എസ് വൈ) |
| 2. | 320100196 | 1,365,820.00 | ICDS ഫണ്ട് |
| | | | |

| | | | |
|---|---|---|---|
| 3. | 320300199 | 80,415.00 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് |
| 4. | 320300102 | 5,439,536.00 | മറ്റ് സർക്കാർ ഏജൻസി ഗ്രാന്റ് (ജലനിധി) |
| 5. | 320800101 | 36,036.00 | ഗുണഭോക്തൃ വിഹിതം |
| 6. | 320100160 | 880,000.00 | ഗ്രാമീണ ഭവനനിർമ്മാണം |
| 7. | 320200207 | 75,000.00 | ആയുർവേദ ആശുപത്രി പ്രവർത്തന ഫണ്ട് |
| ആകെ | | 85,69,807/- | |

ഓരോ ഗ്രാന്റുകളുടെയും എ.സി.ആർ. തയ്യാക്കി മുന്നിരിപ്പ്, വരവ്, ചെലവ്, നീക്ക തുകകളും അവയുടെ പ്രോജക്ട് വിശദാംശം ഉൾപ്പടെ സെക്രട്ടറി സാക്ഷ്യ ഹാജരാക്കേണ്ടതാണ്. അവശേഷിക്കുന്ന ഫണ്ടുകൾ 2025-26 വർഷം ചെലവഴിച്ച് വി അറിയിക്കേണ്ടതാണ്.

## 1-16 തെരുവു വിളക്കുകളുടെ പരിപാലനം - തുടർപ്രവർത്തനങ്ങൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 43/25 |
| അടങ്കൽ, ഫണ്ടിനം | 300000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 145058/- |
| ബിൽനമ്പർ, തീയതി | 687/25.3.25 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

തെരുവുവിളക്കുകളുടെ പരിപാലനം – സാധന സാമഗ്രികൾ വാങ്ങൾ എന്ന പ്രോജ തൻവർഷം ഇ ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത മാത്യു കണ്ടത്തിച്ച വൈക്കം എന്ന കരാറുകാരനിൽ നിന്ന് തെരുവുവിളക്കുകൾ പർച്ചേസ് ചെയ്യുകയും ഇൻവോയ്സ് നമ്പർ 702/25.3.2025 പ്രകാരം 1400 എണ്ണം 12W LED ബൽബുകളും അനുബന്ധ ഉപകര വാങ്ങിയിട്ടുണ്ട് . വാങ്ങിയ ബൽബുകൾ പോസ്റ്റുകളിൽ സ്ഥാപിച്ചതായി കാണുന്നില്ല. അപാ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 9/6.6.2025) നൽകുകയുണ്ടായി. 20 മാസം കരാറുകാരൻ പ്രവൃത്തി ആരംഭിച്ചെന്നും വാർഡ് 2 ൽ 35 ഉം വാർഡ് 8 ൽ 30 ഉം ലൈ സ്ഥാപിച്ചെന്നും മറുപടി ലഭ്യമാക്കി. കനത്ത മഴയെ തുടർന്ന് പോസ്റ്റിൽ ബുദ്ധിമുട്ടായതിനാൽ തൽക്കാലത്തേക്ക് പണികൾ നിർത്തിവെച്ചിരിക്കുകയാണ് മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. ലൈറ്റുകൾ സ്ഥാപിച്ചശേഷം സാക്ഷ്യപത്രങ്ങൾ രേഖാമൂലം വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തികൾ പൂർത്ത സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതുവരെ 145058/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 സാമൂഹ്യ സുരക്ഷാ പെൻഷൻ -മരണപ്പെട്ട പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക ട്രാൻസ്ഫർ ചെയ്തു

2019-20 കോവിഡ് കാലഘട്ടത്തിൽ മസ്റ്ററിംഗ് കൃത്യമാക്കാത്തതുകൊണ്ട് മര ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ മരണശേഷവും പെൻഷൻ തുക വരവായിട്ടുണ്ട്. സർവ്വീസ് പെൻഷൻ വാങ്ങുന്നവരുടെ അക്കൗണ്ടിലേയ്ക്കും സാമൂഹ്യസുരക്ഷാ പെൻഷ വന്നിട്ടുണ്ട്. ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിലുള്ള വിശദ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഇനം | പെൻഷൻ ഐ.ഡി. | അനർഹമായ കാലയളവിൽ വിതരണം ചെയ്തതു തുക | അഭിപ്രാ |
|---|---|---|---|---|---|
| 1 | ഭാരതി കുട്ടപ്പൻ, പൂവത്തോലിൽ , കുര്യനാട് പി ഒ | വാർദ്ധക്യകാല പെൻഷൻ | 105190200182 | 6400/- | മരണപ്പെ (20.01.2025) |
| 2 | കമലാക്ഷി നാരായണൻ, മാളിയേക്കൽകുര്യനാട് പി ഒ | കർഷകതൊഴിലാളി പെൻഷൻ | 105190100388 | 17600/- | മരണപ്പെ (11.09.2023) |
| 3 | കെ എം തങ്കപ്പൻ ചെറ്റയിൽ കുര്യനാട് പി ഒ | വാർദ്ധക്യകാല പെൻഷൻ | 105190200130 | 14600/- | മരണപ്പെ (12.08.2024) |
| 4 | എൽസമ്മ ജോസഫ് , കരിപ്പാൽ മരങ്ങാട്ടുപള്ളി | വാർദ്ധക്യകാല പെൻഷൻ | 105190201010 | 8000/- | മരണപ്പെ (04.10.2024) |
| 5 | കെ എൻ ദിവാകരൻ കിഴക്കേവള്ളിയേക്കാപ്പിൽ കുര്യനാട് പി ഒ | കർഷകതൊഴിലാളി പെൻഷൻ | 105190100358 | 17600/- | മരണപ്പെ (23.09.2023) |
| 6 | തെയ്യാമ്മ ജോസഫ് ചിരട്ടോലിൽ ഇലയ്ക്കാട് | വാർദ്ധക്യകാല പെൻഷൻ | 105190200233 | 30400/- | മരണപ്പെ (30.11.2021) |
